☎: General: 0471-2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in FAX: 0471-2318134, 2318152 web: www.keralapcb.nic.in

# KERALA STATE POLLUTION CONTROL BOARD
## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

പിസിബി/എച്ച്ഒ/സർക്കുലർ/51/2019 തീയതി: 16/08/2019

## സർക്കുലർ

വിഷയം: കൺസെന്റ് വേരിയേഷൻ ഓർഡർ - അപേക്ഷകൾക്കുള്ള ഫീസ് സംബന്ധിച്ച്.
സൂചന: 21/11/2018 -ലെ പിസിബി/എച്ച്/സർക്കുലർ-01/03/2017 ാം നമ്പർ സർക്കുലർ

മേൽ സൂചന സർക്കുലറിലെ 3-ാം ഇനത്തിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തുന്നു.

(3) യൂണിറ്റിന്റെ പേരും, ഉടമസ്ഥന്റെ പേരും മാത്രം മാറ്റം വരുത്തുന്നതിനായി സമർപ്പിക്കുന്ന Consent Variation Order അപേക്ഷയോടൊപ്പം, നിലവിലുണ്ടായിരുന്ന ഒരു വർഷത്തെ ഫീസിന് പകരം വാർഷിക ഫീസിന്റെ 10% ഫീസായി അടച്ചാൽ മതിയാകും എന്നത് clerical mistake, typing error, സാങ്കേതിക പരിശോധനയോ വിലയിരുത്തലോ ആവശ്യമില്ലാത്ത തിരുത്തലുകൾ എന്നീ കാര്യങ്ങൾക്ക് സമർപ്പിക്കുന്ന കൺസെന്റ് വേരിയേഷൻ അപേക്ഷകൾക്കും ബാധകമായിരിക്കും. എന്നാൽ process modification. മറ്റ് വ്യത്യാസങ്ങൾ എന്നിവ അനുമതിപത്രത്തിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കുന്ന കൺസെന്റ് വേരിയേഷൻ അപേക്ഷയോടൊപ്പം നിലവിൽ സമർപ്പിക്കുന്നതുപോലെ ഒരു വർഷത്തെ ഫീസ് തന്നെ അടയ്ക്കേണ്ടതാണ്.

പ്രസ്തുത സർക്കുലറിലെ മറ്റു വ്യവസ്ഥകൾക്കൊന്നും മാറ്റമില്ല.

ഒപ്പ്/-
ചെയർമാൻ

പകർപ്പ്:-

1. എല്ലാ മേഖലാ/ജില്ലാ ഓഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
3. ഐറ്റി സെൽ (ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
4. ചെയർമാന്റെ സിഎ/മെമ്പർ സെക്രട്ടറിയുടെ സിഎ
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ

☎ General: 0471 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: ms.kspcb@gov.in FAX: 0471 - 2318134, 2318152 web: www.keralapcb.nic.in

# KERALA STATE POLLUTION CONTROL BOARD

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

നം. പി.സി.ബി/എച്ച്ഒ/സർക്കുലർ – 01/03/2017 | തീയതി: 21/11/2018

### സർക്കുലർ

വിഷയം: അനുമതി അപേക്ഷാ ഫീ കൂട്ടുന്നത് - സംബന്ധിച്ച്.

സൂചന: 1. 29/10/2018 –ാം തീയതി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് തീരുമാനം.
2. 27/11/2017 ലെ പിസിബി/എച്ച്ഒ/സർക്കുലർ – 01/03/2017 –ാം നമ്പർ സർക്കുലർ

സ്ഥാപനത്തിന്റെ പേര് മാറ്റുന്നതിനായി Consent Variation Order Application സമർപ്പിക്കുന്നതിനോടൊപ്പം ഒരു വർഷത്തെ ഫീസ് അടയ്ക്കുന്നത് ഒഴിവാക്കിതരണമെന്ന് അപേക്ഷ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലും വാടക കരാർ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച അപേക്ഷകൾ പരിഗണിച്ചും ഫീ കുടിശ്ശിക അടയ്ക്കുന്നതുമായി ബന്ധപ്പെട്ടും ചർച്ച ചെയ്യുന്നതിനായി ചെയർമാന്റെ അദ്ധ്യക്ഷതയിൽ 29/10/2018 മെമ്പർസെക്രട്ടറി ഉൾപ്പെട്ട സീനിയർ ഓഫീസർമാരുമായി നടത്തിയ മീറ്റിംഗിൽ മേൽ വിഷയങ്ങളിന്മേൽ കൈകൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ ഫീ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഫീ കുടിശ്ശിക അനുമതി അപേക്ഷയോടൊപ്പം സമർപ്പിക്കാത്ത പക്ഷം 6 മാസത്തിനകം ആയത് ഡിഡി ആയി ബോർഡിൽ സമർപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയോട് കൂടി അനുമതി നൽകാവുന്നതാണ്. 6 മാസത്തിനകം കുടിശ്ശിക അടച്ചില്ലായെങ്കിൽ അനുമതി പത്രം പിൻവലിക്കേണ്ടതും ആയത് പുന:സ്ഥാപിക്കുന്നതിനായി അപേക്ഷകൻ ഓൺലൈൻ മുഖേന കുടിശ്ശിക ഫീയോടൊപ്പം ഒരു വർഷത്തെ ഫീസും പുതിയതായി അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത നടപടിക്രമം അതാതു സ്ഥാപനത്തിന്റെ e-correspondance ഫയലിലും ഉൾപ്പെടുത്തേണ്ടതാണ്.

2) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് (5 കോടിയിൽ താഴെ മുതൽ മുടക്കുള്ള സ്ഥാപനങ്ങൾക്ക്) വാടക കരാർ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന നിർബന്ധമാക്കേണ്ടതില്ല. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി പത്രം നൽകുന്നതിൽ എതിർപ്പില്ല എന്നുള്ള കെട്ടിട ഉടമയുടെ നിരാക്ഷേപ പത്രം വാടക കരാറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അനുമതി പത്രം പുതുക്കുന്ന സാഹചര്യത്തിൽ മൂലധന നിക്ഷേപം മുൻ അപേക്ഷയെക്കാളും കുറവായി സമർപ്പിക്കുകയാണെങ്കിൽ മുൻ അപേക്ഷയിലെ മുതൽമുടക്ക് മൂലധന നിക്ഷേപമായി കണക്കാക്കേണ്ടതാണ്.

3) യൂണിറ്റിന്റെ പേരും, ഉടമസ്ഥന്റെ പേരും മാത്രം മാറ്റം വരുത്തുന്നതിനായി സമർപ്പിക്കുന്ന Consent Variation Order അപേക്ഷയോടൊപ്പം, നിലവിലുണ്ടായിരുന്ന ഒരു

വർഷത്തെ ഫീസിന് പകരം വാർഷിക ഫീസിന്റെ 10% ഫീസായി അടച്ചാൽ മതിയാകും. എന്നാൽ process modification, മറ്റ് വ്യത്യാസങ്ങൾ എന്നിവ അനുമതിപത്രത്തിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കുന്ന Consent Variation അപേക്ഷയോടൊപ്പം നിലവിൽ സമർപ്പിക്കുന്ന പോലെ ഒരു വർഷത്തെ ഫീസ് തന്നെ അടയ്ക്കേണ്ടതാണ്.

4) 27/11/2017 ലെ പിസിബി/എച്ച്ഒ/സർക്കുലർ-01/03/2017 -ാം നമ്പർ സർക്കുലർ താഴെപ്പറയും വിധം സ്പഷ്ടീകരിക്കുന്നു. സ്ഥാപനാനുമതി നേടാതെ പ്രവർത്തനാനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ പ്രവർത്തനാനുമതിയ്ക്കുളള ഫീസ് കൂടാതെ സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച അന്നുമുതലുളള ഫീസും അരവർഷത്തെ ഫീസ്സ് പിഴയായും സ്ഥാപനാനുമതിയുടെ ഫീസ്സായി ഈടാക്കാനും അപേക്ഷയോടൊപ്പം നിർമ്മാണ പ്രവർത്തനം ആരംഭിച്ച വർഷം കാണിക്കുന്ന രേഖകൾ (ടൗൺ പ്ലാനിംഗ് വകുപ്പിൽ നിന്നുളള പെർമിറ്റ് അഥവാ പഞ്ചായത്തിന്റെ അനുമതി) ഹാജരാക്കേണ്ടതുമാണ്. ടി രേഖകൽ ഹാജരാകാത്ത പക്ഷം 5½ വർഷത്തെ ഫീസ്സ് സ്ഥാപനാനുമതിയുടെ ഫീസ്സായി അടയ്ക്കേണ്ടതാണ്. സ്ഥാപനാനുമതി നേടാതെ പ്രവർത്തനാനുമതിയ്ക്കായി അപേക്ഷിക്കുമ്പോൾ പിഴ ഒടുക്കേണ്ട സ്ഥാപനാനുമതി ഫീസ്സ് പരമാവധി 5½ വർഷത്തെ ഫീസ്സായി നിജപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്/-
**ചെയർമാൻ**

പകർപ്പ്:

1. എല്ലാ മേഖലാ/ജില്ലാ ആഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
3. IT Cell (ബോർഡിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
4. ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sd/-

**സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ - 2**